പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1089 — 13.06.2013 -ലെ മറുപടിയ്ക്ക്

# അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | സർവ്വകലാശാലകൾക്കു കീഴിൽ മൾട്ടി ഡിസിപ്ലിനറി ആയി പ്രവർത്തിക്കുന്ന അന്തർസർവ്വകലാശാലാകേന്ദ്രങ്ങൾക്ക് 2009 ലാണ് സർക്കാർ രൂപം നൽകിയത്. ഈ സെന്ററുകൾ വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാഡമിക് രംഗത്ത് പിന്തുണ നൽകുകയും ഓരോ മേഖലയിലും നടത്തപ്പെടുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഓരോ വിഷയത്തിലുമുള്ള ബിരുദാനന്തര ബിരുദ പഠന മേഖലയെ ശക്തിപ്പെടുത്തുകയും അതാത് വിഷയങ്ങളുടെ ഗവേഷണത്തിന്റെ അന്തർ സർവ്വകലാശാല കേന്ദ്രങ്ങളായി പ്രവർത്തിക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് അന്തർ സർവ്വകലാശാലകളുടെ ലക്ഷ്യം. ഹ്രസ്വകാല ഗവേഷണ സ്കോളർഷിപ്പും എമിററ്റസ് സയന്റിസ്റ്റ് പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യമുള്ള മേഖലകളിൽ ഒന്നോ രണ്ടോ ക്രഡിറ്റ് എടുക്കാവുന്നതാണ് ഈ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകളിൽ നിന്നുള്ള അദ്ധ്യാപകരിൽ നിന്നോ വിസിറ്റിംങ് ഫാക്കൽറ്റികളിൽ നിന്നോ ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകരിൽ നിന്നോ അക്കാഡമിക് സഹായം ലഭിക്കുന്നതാണ്. വിവിധ മേഖലകളിൽ നിരവധി അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | ആഴത്തിലുള്ള ഗവേഷണങ്ങളും പഠനങ്ങളും സാധ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെയും ഇന്ത്യയിലേയും വിദേശത്തെയും വിവിധ സർവ്വകലാശാലകളുമായും പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തി താഴെ പറയുന്ന അന്തർദേശീയ അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 10 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തുകയും അതനുസരിച്ച് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br>മഹാത്മാഗാന്ധി സർവ്വകലാശാല – ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് & നാനോ മെറ്റീരിയൽസ് .<br>കേരള സർവ്വകലാശാല - ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്ചറൽ റിസോഴ്സസ് മാനേജ്മെന്റ്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലെക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്.<br>കോഴിക്കോട് സർവ്വകലാശാല - ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിനാൻഷ്യൽ എക്കണോമിക്സ് & ഫിനാൻഷ്യൽ എഞ്ചിനീയറിംങ് .<br>കണ്ണൂർ സർവ്വകലാശാല - ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോളജി. |

സെക്ഷൻ ഓഫീസർ